പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1483 — 16.03.2015 ൽ മറുപടിയ്ക്ക്

# രാജാ രവിവർമ്മ സ്മാരക നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) | കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിതകലാ അക്കാദമി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി കേരള ലളിതകലാ അക്കാദമിയുടെ പദ്ധതി വിഹിതത്തിൽ നിന്നും 1,26,81,213/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും ഇതുവരെ ഏതെല്ലാം തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) തിരുവനന്തപുരത്തെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ കോംപൗണ്ട് വാൾ, ഗേറ്റ് വേ, രണ്ട് മണ്ഡപങ്ങൾ, പുനരുദ്ധാരണ ജോലികൾ, ആംപി തിയേറ്റർ, പുറമേയുള്ള വൈദ്യുതീകരണം, കുട്ടികളുടെ കളിസ്ഥലം, ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് ചെയ്തത്. രണ്ടാം ഘട്ടത്തിൽ രാജാരവി വർമ്മ ആർട്ട് ഗ്യാലറിയും മ്യൂസിയവും അടങ്ങുന്ന പ്രധാന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി സന്ദർശനയോഗ്യമാക്കിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സഹായമഭ്യർത്ഥിച്ചുകൊണ്ട് സാംസ്കാരിക വകുപ്പോ ലളിതകലാ അക്കാദമിയോ ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിനും കേന്ദ്ര ലളിത് കലാ അക്കാദമിക്കും സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പരിഗണിക്കാത്തതിനാൽ, വീണ്ടും 2 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ട് പദ്ധതി നിർദ്ദേശങ്ങളും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനുകൂല നടപടികൾ ഉണ്ടായിട്ടില്ല. |
| (ഡി) | സ്മാരകത്തെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) സ്മാരകത്തെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടം എന്ന നിലയിൽ സാംസ്കാരിക നിലയത്തെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാംസ്കാരിക നിലയത്തിൽ ചിത്രശില്പ കലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിലൂടെ സ്മാരകം അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ